## ചരിത്രപശ്ചാത്തലം

1992 ൽ പൂനയിൽ നടന്ന കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യയുടെ ദ്വൈ വാർഷിക സമ്മേളനം സ്ത്രീകൾ നേരിടുന്ന പ്രശ്ന ങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും അവർക്ക് പരിഹാരം കണ്ടെ ത്താനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്തു. സി.ബി. സി.ഐ യുടെ സമാപന പ്രസ്താവനയിൽ നമ്മുടെ സമൂഹത്തിന്റെ ഘടന തന്നെ സ്ത്രീകൾക്കെതിരായ വിവേചനത്തിൽ അധിഷ്ടിതമാണെന്നു ചൂണ്ടിക്കാട്ടി. സഭയിൽ പോലും സ്ത്രീകൾക്ക് നീതി ലഭിക്കുന്നില്ലെന്ന് സിബി സിഐ ഖേദപൂർവ്വം വ്യക്തമാക്കി.

## വിമൻസ് ഡെസ്ക് രൂപീകരണം

മെത്രാൻ സമിതിയുടെ വിലയിരുതലിന്റെ തുടർച്ചയായി 1992 ജൂണിൽ തന്നെ അത്മായ കമ്മീഷന്റെ കീഴിൽ ഒരു വിമൻസ് ഡസ്കിന് രൂപം നൽകി. തൃശ്ശൂരിൽ നിന്നുള്ള സിസ്റ്റർ ഡോക്ടർ ക്ലിയോപാട്രയെ ആദ്യ സെക്രട്ടറിയായും നിയമിച്ചു. വനിതാശക്തീകരണത്തിനുള്ള എല്ലാ നീക്കങ്ങളേയും അതിന് പിൻതുണ നൽകുന്ന നീക്കങ്ങളേയും അതിന് പിൻതുണ നൽകുന്ന വനിതാ സംഘടകളേയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിമൻസ് ഡസ്കിന് രൂപം നൽകിയത്.

സമൂഹത്തിലും കുടുംബത്തിലും സഭയിലും സ്ത്രീകൾക്ക് അർഹമായ പങ്കാളിത്തവും തീരുമാനങ്ങൾ എടുക്കുന്ന വേദികളിൽ പ്രാതിനിധ്യവും ലഭിക്കത്തക്ക രീതിയുലുള്ള പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകുക എന്ന ലക്ഷ്യത്തോടെയാണ് വിമൻസ് ഡസ്ക് പ്രവർത്തനം നടത്തിയത്.

## വനിത കമ്മിഷൻ

1996 ഫെബ്രുവരിയിൽ വിമൻസ് ഡസ്കിനെ വിമൻസ് കമ്മിഷനായി ഉയർത്തിക്കൊണ്ട് തീരുമാനമുണ്ടായി. രാജ്യത്തെ വിവിധ റീജിയനുക ളായി തിരിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തി. കേരള റീജിയനെ 5 മേഖലകളായി തിരിച്ചു പ്രവർത്തനം ചിട്ടപ്പെടുത്തി.

## ഉദ്ദേശലക്ഷ്യങ്ങൾ

1. രൂപതാ തലത്തിൽ വനിതാപ്രാതിനിധ്യമുള്ള എല്ലാ സംഘടനകളു ടെയും പ്രതിനിധികളെ ഒരുമിച്ചു ചേർത്ത് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അവർക്ക് പരിഹാരം കണ്ടെത്താനുള്ള കർമപദ്ധതികൾ രൂപ പ്പെടുത്തുകയും ചെയ്യുക.
2. പാർശ്വവൽക്കരിക്കുകയും, ചൂഷണം ചെയ്യപ്പെടുന്നവരേയും കണ്ടെത്തി അവരെ ശക്തിപ്പെടുത്തുകയും സഹായഹസ്തം നീട്ടുകയും ചെയ്യുക.
3. സ്ത്രീകൾക്കെതിരായ എല്ലാ വിധ അക്രമങ്ങളേയും ചെറുത്തു തോൽപി ക്കുക.
4. സത്രീശാക്തീകരണത്തിനു വേണ്ടിപ്രവർത്തിക്കുന്ന മനുഷ്യാവകാശ സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുക.

## പ്രവർത്തന പദ്ധതികൾ

വിമൻസ് കമ്മിഷന്റെ ദർശനത്തിനും ഉദ്ദേശലക്ഷ്യങ്ങൾക്കും അനുസൃതമായി രൂപതാടിസ്ഥാനത്തിലും മേഖലാടിസ്ഥാനത്തിലും വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. താഴെ പറയുന്നവ ഇവയിൽ പ്രധാനമാണ്.

1. ബോധവൽക്കരണ പരിപാടികൾ; വിശിഷ്യ വനിതാദിന (മാർച്ച് 8) ത്തിലും പെൺകുട്ടികളുടെ ദിന (സെപ്റ്റം.8)ത്തിലും
2. കൗൺസിലിങ്ങും, നിമയസഹായവും.
3. സ്ത്രീകൾക്കുള്ള നേതൃത്വ പരിശീലനം.
4. മേഖലാ സംഗമം.

## ഇപ്പോഴത്തെ ഭാരവാഹികൾ

ഡയറക്ടർ - ഫാ.ഡെന്നി താണിക്കൽ

സെക്രട്ടറി - പ്രൊഫസർ എലിസബത്ത് മാത്യു

ജോ.സെക്രട്ടറി - ഡോ. റോസ് മേരി കള്ളിയത്ത്

ട്രഷറർ - ശ്രീമതി ഓമന റാഫേൽ

## പ്രവർത്തനം ഊർജ്ജിതമാക്കാനുള്ള നിർദ്ദേശങ്ങൾ

രൂപതാ തലത്തിൽ പോലും ഇതിന് ഒരു സംഘടനാ രൂപമില്ല. അതുകൊണ്ട് മറ്റു സംഘടനകളുടെ സഹകരണത്തോടെ മാത്രമേ പരിപാടികൾ ഫലപ്രദമാക്കാൻ കഴിയൂ.

വിമൻസ് കമ്മീഷന് മെമ്പർഷിപ്പ് ഫീസോ, മറ്റു ഫണ്ടുകളോ ഇല്ലാത്തതുകൊണ്ട് പ്രവർത്തനത്തിന് ആവശ്യമായ പണമില്ല. ഇത് വിമൻസ് കമ്മീഷന്റെ പ്രവർത്തനങ്ങളെ ഏറെ പ്രതികൂലമായി ബാധിക്കുന്നു.